I/52846/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

## <u>വിജ്ഞാപനം</u>

## <u>കീം-2023</u>

## <u>ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷനുള്ള അവസരം</u>

2023 ലെ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ ഫാർമസി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി /കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേയ്ക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ 18.10.2023 ന് ആരംഭിച്ചു.

**<u>ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമാണ്</u>**

ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ ഫാർമസി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി /കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിൽ മൂന്നാംഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Register'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം **18.10.2023 മുതൽ 21.10.2023 വൈകുന്നേരം 4.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **'**www.cee.kerala.gov.in**'** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കാട്ടാക്കട കേരള അക്കാഡമി ഓഫ് ഫാർമസി കോളേജിലെ സീറ്റുകളിലേയ്ക്ക് ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. <u>രണ്ടുഘട്ട അലോട്ട്മെന്റുകളിലൂടെ മേൽ പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.</u> എന്നാൽ മൂന്നാംഘട്ടത്തിലേക്ക് ഓൺലൈൻ രജിസ്ട്രേഷൻ

നടത്തിയില്ലെങ്കിലും ഒന്നാംഘട്ടത്തിലേയും രണ്ടാംഘട്ടത്തിലേയും അലോട്ട്മെന്റിലൂടെയുള്ള അഡ്മിഷൻ നിലവിലുണ്ടെങ്കിൽ ആയത് നിലനിൽക്കുന്നതായിരിക്കും.

**21.10.2023 വൈകുന്നേരം 4.00 മണി വരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് 24.10.2023 ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഒടുക്കിയശേഷം നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| 18.10.2023 | ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു |
| 21.10.2023, 4.00 PM | ഓപ്ഷൻ രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| 24.10.2023 | മൂന്നാംഘട്ട അലോട്ട്മെന്റ് (താത്ക്കാലികം) പ്രസിദ്ധീകരണം |
| 25.10.2023 | മൂന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 27.10.2023- 30.10.2023,4.00 PM | ഫീസ് ഒടുക്കി കോളേജിൽ പ്രവേശനം നേടുന്നതിനുള്ള സമയം |
| 30.10.2023, 5.00 PM | OAMS മുഖേന പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരംഅപ്ഡേറ്റ് ചെയ്യാനുള്ള സമയം |

**പുതുതായി ഉൾപ്പെടുത്തിയ സ്വാശ്രയ ഫാർമസി കോളേജ്**

| ക്രമ നമ്പർ | കോഡ് | സ്വാശ്രയ ഫാർമസി കോളേജ് | യൂണിവേഴ്സിറ്റി |
|---|---|---|---|
| 1 | KAB | കേരള അക്കാഡമി ഓഫ് ഫാർമസി, കണ്ടല, കാട്ടാക്കട | കേരള ആരോഗ്യ സർവ്വകലാശാല |

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 5000/- രൂപ (അയ്യായിരം രൂപാ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ രജിസ്ട്രേഷൻ ഫീസ് അടച്ച് ഓപ്ഷൻ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ വീണ്ടും ഫീസ് ഒടുക്കേണ്ടതില്ല. വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി/എസ്.ടി/ഒ.ഇ.സി - ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O(Ms)No.25/2005/SCSTDD dated:20.06.2005, G.O(Ms)No.10/2014/BCDD dated:23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

**ഫീസ്**

ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെ 2023-24 വർഷത്തെ ആയുർവേദ/ ഹോമിയോ/ സിദ്ധ/യുനാനി/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളിൽ ആയുർവേദ/ ഹോമിയോ/ സിദ്ധ/യുനാനി/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കോഴ്സിന് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 2022-23 വർഷത്തെ ഫീസ് അടയ്ക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/സർക്കാർ/ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന 2023-24 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.

I/52846/2023

(Ms) No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും അഡ്മിഷൻ സമയത്ത് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

**കുറിപ്പ്**

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കായി വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

പ്രവേശന പരീക്ഷാ ജോയിന്റ് കമ്മീഷണർ

തിരുവനന്തപുരം
18-10-2023

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

Signed by
Shabu S J
Date: 18-10-2023 20:10:19